**തിരുവനന്തപുരം കരിമഠം കോളനിയിൽ അമേരിക്കയ്ക്കുവേണ്ടി നടത്തിയ സെൻസസ്**

**12 (285)** ശ്രീ പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കരിമഠം കോളനിയിൽ അമേരിക്കയെക്കു വേണ്ടി പ്രത്യേക സെൻസസ് നടത്തിയിട്ടുണ്ടോ;

(ബി) ഇതിന്മേൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് പ്രതികൾ; ഏതെല്ലാം വകുപ്പിലാണ് കേസ് എടുത്തിരിക്കുന്നത്; എഫ്.ഐ.ആർ. കോപ്പി ലഭ്യമാക്കുമോ;

(സി) അമേരിക്കയ്ക്കുവേണ്ടി സെൻസസ് എടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേസെടുത്തതിന്റെ നിയമപ്രാബല്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻസസ് നടത്തിയിട്ടില്ല. എന്നാൽ കൊച്ചിയിലെ TNS India Limited എന്ന കമ്പനിയുടെ പേരിൽ അവരുടെ ജോലിക്കാരായ ചില വ്യക്തികൾ മുഖാന്തരം ചോദ്യാവലി നൽകി സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) മത സ്പർദ്ധ വളർത്തുന്ന തരത്തിൽ ചോദ്യാവലി തയ്യാറാക്കി സർവ്വേ നടത്തിയതിലേക്ക് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/2010 u/s 153 (B) & 34 IPC പ്രകാരം കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന TNS INDIA Limited എന്ന കമ്പനിയെ ഒന്നാം പ്രതിയാക്കിയും ടി കമ്പനി സർവ്വേ നടത്താൻ നിയോഗിച്ചിരുന്ന സോണിയ സേവ്യർ, ടെൽമാ ജോൺ, മീനാസ്റ്റാൻലി, സിമിത്ത് എന്നിവരെ തുടർന്നുള്ള പ്രതികളാക്കിയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നകാര്യം സംസ്ഥാന സർക്കാരിന് അറിയില്ല. എന്നാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മനുഷ്യക്കടത്ത് നടത്തുന്ന ഉദ്യോഗസ്ഥർ**

**13 (286)** ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ടി. ടി. ഇ. ബന്ധമുള്ളവരെ വിദേശത്തേക്ക് കടത്താൻ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വൻ ശൃംഖല പ്രവർത്തിക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ.

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**വിദേശ ഏജൻസിക്കുവേണ്ടി നടത്തിയ സർവ്വേ**

14 (288) ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വിദേശ ഏജൻസിക്കു വേണ്ടി അടുത്തകാലത്ത് സർവ്വേ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എന്തെല്ലാം വിവരങ്ങളാണ് സർവ്വേയിലൂടെ ശേഖരിക്കാൻ ശ്രമിച്ചിട്ടുള്ളത് :

(സി) സർവ്വേ സംഘത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ വ്യക്തമാക്കുമോ :

(ഡി) വിവാദ സർവ്വേ സംബന്ധിച്ച് കേന്ദ്ര വിജിലൻസിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ :

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കരിമഠം കോളനിയിൽ മുസ്ലീങ്ങളും മറ്റിതര വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് വിദേശ ബന്ധമുള്ള സ്ഥാപനത്തിനുവേണ്ടി സർവ്വേ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതം, വർഗ്ഗം, തർക്കം, ഭീകരവാദം, സാമ്പത്തികം, ബുദ്ധിമുട്ടുകൾ, രാഷ്ട്രീയം, ദേശീയപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചോദ്യങ്ങളും മുസ്ലീം വിഭാഗങ്ങളോട് മാത്രം ചോദിക്കേണ്ട വിഷയങ്ങളിലുമാണ്. ചോദ്യാവലി തയ്യാറാക്കി വിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചിട്ടുള്ളത്.

(സി) സർവ്വേ സംഘത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സർവ്വേയിൽ ഏർപ്പെട്ടിരുന്ന സോണി സേവ്യർ, ടെൽമാ ജോൺ, മീനാ സ്റ്റാൻലി, സിനിമോൾ എന്നിവർക്കെതിരെയും സർവ്വേക്ക് ചുമതലപ്പെടുത്തിയ TNS India Private Limited, Kochi എന്ന സ്ഥാപനത്തിനെതിരെയും, ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/10 u/s 153 (B)&34 IPC പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly